പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 665 **13-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ സംഘങ്ങളുടെ പ്രവർത്തനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്തതും സംഘങ്ങളുടെ ഫയലുകളിൽ തീരുമാനം എടുക്കുന്നത് വൈകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓഡിറ്റ് പൂർത്തീകരിക്കുന്നതിനും ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

മറുപടി: ഉണ്ട്. പ്രസ്തുത സാഹചര്യത്തിൽ 31.12.2026 നകം നിലവിലുള്ള ഓഡിറ്റുകളും കുടിശ്ശികയായ ഓഡിറ്റുകളും പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിൽ എത്ര ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ടെന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; സ്വന്തം ജില്ലക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റിയ ജീവനക്കാരുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; ജില്ലക്കകത്ത് സ്ഥലം മാറ്റിയ ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സഹകരണ വകുപ്പിൽ ഗസറ്റഡ് തസ്തികകളിൽ 517 ഉദ്യോഗസ്ഥരേയും നോൺ ഗസറ്റഡ് തസ്തികകളിൽ 969 ഉദ്യോഗസ്ഥരേയും സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്.

ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ജില്ല	ടൈപ്പിസ്റ്റ്	സഹകരണഇൻസ്പെക്ടർ/ ഓഡിറ്റർ	ഗസറ്റഡ് ഓഫീസർ
തിരുവനന്തപുരം	1	5	2
കൊല്ലം		33	7
പത്തനംതിട്ട		7	1
ആലപ്പുഴ		7	7
കോട്ടയം		2	5

ഇടുക്കി		0	3
എറണാകുളം		0	3
തൃശ്ശൂർ		0	6
പാലക്കാട്		0	9
മലപ്പുറം		0	1
കോഴിക്കോട്		8	2
വയനാട്		2	5
കണ്ണൂർ		1	3
കാസർഗോഡ്		0	4
ആകെ	**1**	**65**	**58**

ജില്ലയ്ക്കകത്ത് ക്ലർക്ക് തസ്തികയിൽ 3 പേരെയും, ടൈപ്പിസ്റ്റ് തസ്തികയിൽ 4 പേരെയും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 9 പേരെയും ഡ്രൈവർ തസ്തികയിൽ 2 പേരെയും സഹകരണ ഇൻസ്പെക്ടർ/ ഓഡിറ്റർ തസ്തികയിൽ 885 പേരെയും ഗസറ്റഡ് തസ്തികകളിൽ 459 പേരെയും സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്.

(സി) സഹരണ സംഘങ്ങളിൽ കോമൺ സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

<u>മറുപടി:</u> യൂണിഫോം സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് 08.10.2025 ലെ G.O.(Rt)No.433/2025/Co-op ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് e-tender വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും നിലവിൽ ഹൈക്കോടതി ഉത്തരവ് പ്രകാരം ടെൻഡർ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. നിലവിലെ സാഹചര്യം പരിഗണിച്ചുകൊണ്ട് ടെൻഡർ നടപടികൾ പുനരവലോകനം ചെയ്യുന്നതിനെ കുറിച്ച് സർക്കാർ ആലോചിച്ച് വരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര സംഘങ്ങളിൽ പുതുതായി വകുപ്പ് 65, 66 പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഭരണ സമിതികൾ പിരിച്ചു വിട്ടിട്ടുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

<u>മറുപടി:</u> ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 48 സംഘങ്ങളിൽ വകുപ്പ് 65 പ്രകാരവും 41 സംഘങ്ങളിൽ വകുപ്പ് 66 പ്രകാരവും അന്വേഷണം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വകുപ്പ് 32 പ്രകാരം പത്തനംതിട്ട ജില്ലയിൽ ഒരു സംഘത്തിൽ ഭരണസമിതിയെ പിരിച്ച് വിടുകയുണ്ടായി.

സെക്ഷൻ ഓഫീസർ